**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കാസറഗോഡ് ജില്ലയിലെ ബെള്ളൂർ ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീമതി.രശ്മി.ടി.ആർ-ന് ജോലിയിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ) നം.**1597/2019/**തസ്വഭവ. തീയതി, തിരുവനന്തപുരം, **27.07.2019**

---

പരാമർശം: 1) 28.06.2000 ലെ 5966/Adv-C3/2000/ഉഭപവ നമ്പർ സർക്കുലർ.
2) കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 20.06.2019 ലെ ഡിഡിപി-കെ എസ് ഡി/7890/18-എസ് സി 5 നമ്പർ നടപടിക്രമം.
3) ശ്രീമതി.രശ്മി.ടി.ആർ-ന്റെ 19.06.2019 ലെ അപേക്ഷ.
4) പഞ്ചായത്ത് ഡയറക്ടറുടെ ഇ 6-8538/19 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള പി എസ് സി മുഖേന പഞ്ചായത്ത് വകുപ്പിൽ കാസറഗോഡ് ജില്ലയിലെ ബെള്ളൂർ ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീമതി.രശ്മി.ടി.ആർ, ടിയാൾ നിലവിൽ കോട്ടക്കൽ ആയുർവേദ കോളേജിൽ എം.ഡി. വിദ്യാർത്ഥിനിയാണെന്നും അതിനാൽ കോഴ്സ് കാലാവധി ആയ 15.11.2021 വരെ പ്രവേശന കാലയളവ് ദീർഘിപ്പിച്ച് നല്കണമെന്നുമാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (2) പ്രകാരം പ്രവേശന കാലയളവ് 14.06.2019 മുതൽ 45 ദിവസത്തേക്ക് ദീർഘിപ്പിച്ച് നല്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കാസറഗോഡ് ജില്ലയിലെ ബെള്ളൂർ ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീമതി.രശ്മി.ടി.ആർന് കോട്ടക്കൽ ആയുർവേദ കോളേജിൽ എം.ഡി. കോഴ്സ് പൂർത്തിയാക്കുന്നതിനായി നിയമന ഉത്തരവ് തീയതിയായ 14.06.2019 മുതൽ 15.11.2021

വരെ ക്ലാർക്ക് തസ്തികയിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ശ്രീമതി.രശ്മി.ടി.ആർ-ന്റെ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി കെ.എസ്.& എസ്.എസ്.ആർ. ഭാഗം II, ചട്ടം 27 (സി)യുടെ ഒന്നാം പ്രൊവിസോ പ്രകാരം ടിയാൾ സേവനത്തിൽ പ്രവേശിക്കുന്ന ദിവസം മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ഷീബ.ബി**

**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, ബെള്ളൂർ ഗ്രാമപഞ്ചായത്ത്, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീമതി.രശ്മി.ടി.ആർ, ശ്രീപാദം, നിയർ ജി.എൽ പി സ്കൂൾ, കിനാനൂർ.പി.ഓ, ചായ്യോത്ത്, വഴി നീലേശ്വരം, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ഇപിഎ 1/143/2019/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ